ഉത്തരം

(എ) ഉണ്ട്.

(ബി) 2002 ഏപ്രിൽ മുതൽ 2003 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിൽ വിവിധ മന്ത്രിമാരുടെ ഓഫീസുകളിലേക്ക് അയച്ച പത്രവാർത്തകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു†.

(സി) പബ്ലിക് റിലേഷൻസ് ജോലിയുടെ ഭാഗമായ 'ഫീഡ്ബാക്' എന്ന നിലയിൽ വിവിധ വകുപ്പുകളെ കുറിച്ച് പത്രങ്ങളിൽ വരുന്ന പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ട വകുപ്പിന് നടപടികൾക്കായി അയച്ചുകൊടുക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. അതിനാൽ എത്ര എണ്ണത്തിൽ നടപടി എടുത്തിട്ടുണ്ടെന്ന് അറിയില്ല.

(ഡി) ഇല്ല.

(ഇ) പത്രക്ലിപ്പിംഗ്സ് അയച്ചു കൊടുക്കുന്നതോടൊപ്പം അതിൽ എടുത്ത നടപടി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ അറിയിക്കാൻ ആവശ്യപ്പെടും.

യു.എ.ഇ.-യിൽ അറസ്റ്റ് ചെയ്യപ്പെട്ട മലയാളികൾ

166 (3729) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.എ.ഇ.-യിൽ ഈ വർഷം ജനുവരി മുതലാരംഭിച്ച പൊതുമാപ്പുകാലത്തും അതിനുശേഷവും കേരളീയരിലാരെങ്കിലും അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേരെന്നും, അവരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

യു.എ.ഇ.-യിലെ അബുദാബിയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കാര്യാലയത്തിൽ നിന്നോ ദുബായിയിലെ ഇന്ത്യൻ കോൺസുലേറ്റിൽ നിന്നോ ഇക്കാര്യത്തെ സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly